മലപ്പുറം മണ്ഡലത്തിലെ വികസന പദ്ധതികൾ

319(1698) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യനീതി വകുപ്പ് മുഖേന മലപ്പുറം മണ്ഡലത്തിൽ ഏതെല്ലാം വികസന പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചത്; ഇവയിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കി;

(ബി) പ്രസ്തുത പദ്ധതികൾക്കായി എത്ര തുക ചെലവഴിച്ചെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാമൂഹ്യനീതി വകുപ്പ് മുഖേന ചുവടെപ്പറയുന്ന വികസന പദ്ധതികൾ (നിർമ്മാണ പ്രവർത്തികൾ ഉൾപ്പെടെ) മലപ്പുറം മണ്ഡലത്തിൽ നടപ്പാക്കിയിട്ടുണ്ട്:

1. വാളമംഗലം അംഗൻവാടി.
2. എരണിക്കോട് അംഗൻവാടി.
3. മലപ്പുറം നഗരസഭ ഗസ്റ്റ് ഹൗസ്, അംഗൻവാടി.
4. ഈസ്റ്റ് വള്ളുവമ്പ്രം അംഗൻവാടി.
5. പറയരങ്ങാടി അംഗൻവാടി.
6. മാതൃകാ അംഗൻവാടി, പൂക്കോട്ടൂർ.
7. മുണ്ട് പറമ്പ് അംഗൻവാടിക്ക് സ്വന്തം സ്ഥലം ലഭ്യമാക്കി.
8. പുൽപ്പറ്റ പഞ്ചായത്തിൽ 30 അംഗൻവാടികൾക്ക് ഗ്യാസ് കണക്ഷൻ നൽകി.

(ബി) പ്രസ്തുത പദ്ധതികൾക്കായി ആകെ 35 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

ട്രൈബൽ കോളനികളിൽ അന്നദായിനി

320(1699) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ സാമൂഹ്യനീതി വകുപ്പ് വഴി നടപ്പിലാക്കുന്ന ട്രൈബൽ കോളനികളിൽ പാകം ചെയ്ത ഭക്ഷണം നൽകുന്ന അന്നദായിനി പദ്ധതി നടപ്പാക്കുന്നതിന് ഓരോ വർഷവും എന്ത് തുക വീതം അനുവദിച്ചു

(ബി) അനുവദിക്കപ്പെട്ട തുകയിൽ എന്ത് വീതം ചെലവഴിച്ചു വെന്നറിയിക്കാമോ?

1436/2018.

LIBRARY ARCHIVES Kerala Legislative Assembly